(c) Yes.

(d) Government have been advised that the proposed channel is impractical.

(e) No.

(f) Does not arise in the light of the answer to (d)

ഒരു ബണ്ട്

*൯ ൭. (൩൨) ശ്രീ. ടി. എം. സന്നേലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചികണയന്തൂർ താലൂക്കിൽ പള്ളിപ്പുറം, കഴുപ്പിള്ളി എന്നീ വില്ലേജുകളിൽ കടലിനോട് വളരെ അടുത്തു കിടക്കുന്ന പുത്തൻപാടം നിലങ്ങളുടെ സംരക്ഷണത്തിനായി ഒരു ബണ്ട് ഇടുവാൻ വേണ്ടിവരുന്ന കരിങ്കല്ല് രണ്ടിൽനിന്നും നല്ലാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(ബി) സമ്മതിച്ചിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് വല്ല നടപടിയും എടുത്തിട്ടുണ്ടോ;

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) : എ-യും ബി-യും അങ്ങിനെ സമ്മതിച്ചിട്ടുള്ളതായി റിക്കാർഡുകളിൽനിന്ന് കാണുന്നില്ല. പക്ഷെ അതിനെസംബന്ധിച്ചുള്ള നടപടികൾ ഇപ്പോൾ എടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. ടി. എം. സന്നേലൻ : ഈ പണി സത്വരമായി പൂർത്തിയാക്കിയില്ലെങ്കിൽ അവിടത്തെ ജനങ്ങൾക്ക് ജീവിതംതന്നെ സാദ്ധ്യമല്ലാതായി തീരുമെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നറിയാം.

ശ്രീ. ടി. എം. സന്നേലൻ : അതുകൊണ്ട് ദയവായി സത്വരമായ നടപടികൾ എടുക്കുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : നടപടികൾ ഇപ്പോൾതന്നെ എടുത്തുകൊണ്ടിരിക്കയാണ്.

WORKS COMMITTEE

*98. [33.] **Sri. K. A. Mathew:** Will the hon'ble Minister for Public Works and Communications be pleased to state:

(a) whether P. W. D. Works Committees functioned in any taluk in the budget year 1950—51;

(b) why the Works Committee for Thiruvalla taluk did not at all meet during the year;

(c) whether there are any special reasons for the Government in not reconstituting the Works Committees?

Minister for Public Works and Communications **(Sri. E. John Philipose):**

(a) All the Taluk Works Committees have functioned during the year 1950-51. But some committees have not convened meetings regularly in view of the decision of Government to substitute Taluk Works Committees by committees organised on the basis of P. W. sub-divisions.

(b) The Works Committee for Thiruvalla taluk met twice, on 19th April 1950 and 1st May 1950.

(c) No. The matter is under the consideration of Government.

ശ്രീ. കെ. എ. മാത്യു : തിരുവല്ലായിലെ കമ്മിറ്റി രണ്ടുപ്രാവശ്യം കൂടിയിട്ടുണ്ടെന്നാണോ പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

Sri. E. John Philipose : That is the information conveyed here. The Works Committee for Thiruvalla Taluk met twice, that is, on 19th April 1950 and 1st May 1950.

ശ്രീ. കെ. എ. മാത്യു : ഇപ്പോണ്ടെത്ത ബഡ്ഡറിനുവേണ്ടി ആ കമ്മിറ്റി ഒരിക്കലും കൂടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അറിയാം. അതിനെ സംബന്ധിച്ച് സമാധാനം ആവശ്യപ്പെട്ടകയുണ്ടായി. അപ്പോൾ പുതിയ സബ്ഡിവിഷൻ അടിസ്ഥാനത്തിൽ കമ്മിറ്റികൾ ഉണ്ടാക്കണമെന്നു തീരുമാനിച്ചിരിക്കുന്നസ്ഥിതിക്ക് നിലവിലിരിക്കുന്ന കമ്മിറ്റികൾ കൂടേണ്ടതില്ലെന്നുള്ള ഒരു തെറ്റിധാരണയിന്മേലാണ് തിരുവല്ലായിലെ കമ്മിറ്റി കൂടാതിരുന്നതു എന്ന സമാധാനമാണ് കിട്ടിയിട്ടുള്ളതു.

ശ്രീ. കെ. എ. മാത്യു : സബ്ഡിവിഷൻ ബേസിസിൽ എന്തുകൊണ്ടാണ് ഇതേവരെ കമ്മിറ്റികൾ രൂപീകരിക്കാത്തതു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതിനു ചീഫ് ഇഞ്ചിനീയരുടെ നിർദ്ദേശങ്ങൾ ഇതുവരെ മുഴുവനായി രൂപീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ. കെ. എ. മാത്യു : ഈതു ഇതുവരെ എന്തുകൊണ്ടാണ് പൂർത്തിയാകാത്തതെന്നു ചീഫ് ഇഞ്ചിനീയരോട് ചോദിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതിനുവേണ്ട വിവരങ്ങൾ ചീഫ് ഇഞ്ചിനീയർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ബസ്സുപകടത്തിൽപെട്ട മരിച്ചുവക്കു കൊടുത്ത സംഖ്യ

*൯൯. (൯൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ ഇരിങ്ങാലക്കുടയിൽവച്ചുണ്ടായ ഇലക്ട്രിക്കു ഷോക്കു ബസ്സുപകടത്തിൽപെട്ട മരിച്ചുപോയവക്കു കൊടുത്ത Compensation സംഖ്യ എന്താണു;

(ബി) ഇപ്രകാരം ഓരോരുത്തക്കും കൊടുത്ത സംഖ്യ എന്താണു;

(സി) ഈ സംഖ്യയുടെ വിഹിതം തീർച്ചയാക്കിയതാരാണെന്നും എന്തടിസ്ഥാനത്തിന്മേലാണെന്നും പറയുവാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) : ഇരിങ്ങാലക്കുടവച്ചുണ്ടായ ബസ്സുപകടത്തിൽപ്പെട്ടവക്കു കാമ്പൻസേഷൻ കൊടുക്കുന്ന കാര്യം ഗവണ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കയാണു.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ : ഈ അപകടം ഉണ്ടായതു് എങ്ങനെയാണെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : മുമ്പു് ഇതിനെ സംബന്ധിച്ചു് ഒരു ചോദ്യം ഉണ്ടായിട്ടുണ്ടു്. അന്നു ഈ വിവരങ്ങൾ എല്ലാം വിശദമായിട്ടു് പറഞ്ഞിട്ടുണ്ടു്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ : കാമ്പൻസേഷൻ കൊടുക്കുന്നതിനു് ഗവണ്മെണ്ടു് ഇതുവരെയായി എന്തുനടപടികൾ എടുത്തിട്ടുണ്ടെന്നു് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly